മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. നിലവിലുള്ള അഡ്വക്കേറ്റ് ജനറൽ ചുമതലയേറ്റതിനുശേഷം സർക്കാർ കേസുകൾ വാദിക്കുന്നതിനുവേണ്ടി സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതും ഹാജരായ പ്രധാനപ്പെട്ട എല്ലാ കേസുകളിലും സർക്കാരിന് അനുകൂലമായ വിധി ഉണ്ടായിട്ടുള്ളതുമാണ്. കൂടാതെ മുൻ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ ഉണ്ടായ ഭീമമായ ചെലവിൽ നിന്നും വളരെ കുറഞ്ഞ തുകയാണ് സർക്കാരിന് ചെലവായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള ജീവിത സൂചികാ നിലവാരത്തിലുള്ള വർദ്ധനവും കണക്കിലെടുത്തുകൊണ്ട് മന്ത്രിസഭാ യോഗമാണ് ഫീസ് വർദ്ധനവ് സംബന്ധിച്ച തീരുമാനമെടുത്തത്.

അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയ്നർ ഫീസ് വർദ്ധിപ്പിച്ചതുമൂലം പ്രതിമാസം 1,30,000 രൂപയുടെ അധിക ബാദ്ധ്യത സർക്കാരിന് ഉണ്ടാകും.

(സി) പ്രസ്തുത ഫീസ് വർദ്ധനവിന്റെ നിർദ്ദേശം 9-4-2015-നാണ് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചത്. 25-3-2015-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് വർദ്ധിപ്പിച്ചത്. അഡ്വക്കേറ്റ് ജനറലിന്റെ ഫീസ് വർദ്ധിപ്പിച്ച തീരുമാനം ധൃതി പിടിച്ച് എടുത്തതല്ല.

## **മഹത് വ്യക്തികളെ അധിക്ഷേപിക്കുന്നത് തടയുന്നതിന് നിയമം**

186 (3340) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മഹത് വ്യക്തികളെയും ചരിത്ര വ്യക്തികളെയും അധിക്ഷേപിക്കുന്നത് കുറ്റകരമാണെന്ന സുപ്രീം കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) മഹാത്മാഗാന്ധി ഉൾപ്പെടെയുള്ള മഹത് വ്യക്തികളെ അധിക്ഷേപിച്ചുകൊണ്ട് പ്രസ്താവനകളും സാഹിത്യ സൃഷ്ടികളും നടത്തുന്നത് തടയുന്നതിന് പ്രസ്തുത ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ശക്തമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly